ഹെഡാഫീസിൽ നിന്നും മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്ന മുറയ്ക്ക് പേയ്മെന്റ് നൽകും. മോട്ടോറുകൾ, കത്തി റിപ്പയർ ചെയ്യുന്ന എല്ലാ പ്രവൃത്തികളും ഹെഡാഫീസിലെ വിജിലൻസ് വിഭാഗത്തിന് രേഖാമൂലം അറിയിച്ചതിനു ശേഷമേ പ്രവൃത്തി ആരംഭിക്കാറുള്ളൂ.

വടകരയിലെ കുടിവെള്ള പ്രശ്നം

71 (2169) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(സി) പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വടകരയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള ഓഗ്മെന്റേഷൻ പദ്ധതിയുടെ അടിക്കടി പൊട്ടിക്കൊണ്ടിരിക്കുന്ന പ്രിമോപൈപ്പുകൾ മാറ്റി ഡി.ഐ.പൈപ്പാക്കി സ്ഥാപിക്കുന്നതിനും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ 'UIDSSMT'-(യുഡിസ്മാറ്റ്)-ൽ അനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ കാലപ്പഴക്കം ചെന്ന എ.സി.പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും സാർക്ക് പദ്ധതിയിൽ 10.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയപ്രവൃത്തികൾ 8 പാക്കേജുകളായി തിരിച്ചു. ഇതിൽ വിതരണ ശൃംഖലയിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള 5 പാക്കേജുകളിൽ 4 പാക്കേജുകളുടെ ടെണ്ടറുകൾ സൂക്ഷ്മ പരിശോധനയിലാണ്.

(സി) വകുപ്പ് മന്ത്രി തലത്തിലും ചീഫ് എഞ്ചിനീയർ തലത്തിലും അവലോകന മീറ്റിംഗുകൾ നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്.

കോഴിക്കോട് ജില്ലയിലെ കുളിമാടിലുള്ള പമ്പ് ഹൗസിലെ തകരാറുമൂലം കുടിവെള്ള ക്ഷാമം

72 (2170) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുളിമാടിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസിൽ ഇടക്കിടെ മോട്ടോർ തകരാറിലാകുന്നതും അതുകാരണം നഗരത്തിൽ കുടിവെള്ള വിതരണം സ്തംഭിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly